# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1090** **11/02/2016-ൽ മറുപടിയ്ക്ക്**

## <u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | <u>ഉത്തരം</u><br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|---|
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സീമാറ്റ്-കേരള യുടെ ആഭിമുഖ്യത്തിൽ നിയോജകമണ്ഡലത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ആശയരൂപീകരണ ശില്പശാല നടത്തുകയും, തുടർ പ്രവർത്തനം എന്ന നിലയിൽ സ്കൂളുകളെ സംബന്ധിച്ച് ഡേറ്റ ശേഖരണം നടത്തുകയും, പൊതുവായ (ഭൗതികവും അക്കാഡമികവുമായ) ആവശ്യങ്ങൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. കൂടാതെ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പ്രഥമാധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെ) മാനേജ്മെന്റ് പരിശീലനം നൽകുകയും മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്ട് അവരെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഓരോ പദ്ധതിക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ബഹു. എം.എൽ.എമാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ ഫണ്ട്, |

സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്.ബഹു. എം.എൽ.എമാർ അദ്ധ്യക്ഷന്മാരായ നിയോജക മണ്ഡലം സമിതിയുടെ നേതൃത്വത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലും മുനിസിപ്പൽ/പഞ്ചായത്ത് തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി പ്രകാരം ഇനിയും നടപ്പാക്കാനുള്ള പ്രവർത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശയരൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ്-കേരള യുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പ്രോജക്ടിൽ പറയും പ്രകാരം ബഹു. എം.എൽ.എ ചെയർമാനായ നിയോജകമണ്ഡലം സമിതിയുടെയും, മുനിസിപ്പൽ ചെയർമാൻ ചെയർമാനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്. |

Sreedevi

സെക്ഷൻ ഓഫീസർ